I ഇ.ബി. XIV-കേരള നിയമസഭ /XIV-5

**പതിനാലാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

2019 ഫെബ്രുവരി 01, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**I ഗവർണറുടെ സന്ദേശം**

2019 ജനുവരി 30-ാം തീയതി സഭ അംഗീകരിച്ച നന്ദിപ്രമേയത്തിന് കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഗവർണ്ണർ നൽകിയ മറുപടി ബഹുമാനപ്പെട്ട സ്പീക്കർ സഭയെ അറിയിച്ചു.

**II പ്രത്യേക പരാമർശം**

രാഷ്ട്രപിതാവിന്റെ ചിത്രത്തിൽ വെടിയുതിർത്ത സംഭവം

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): രാഷ്ട്രപിതാവ് മഹാത്മജിയുടെ ചിത്രത്തിനുനേരെ പ്രതീകാത്മകമായി നിറയൊഴിക്കുകയും ഗാന്ധി ഘാതകനായ നാഥുറാം ഗോഡ്സെയെ പ്രകീർത്തിക്കുകയും ചെയ്ത ഹിന്ദു മഹാസഭ

നേതാവ് പൂജാ ശകുൻ പാണ്ഡെയുടെ നടപടിയെ ഈ സഭ ശക്തമായി അപലപിക്കുകയും അവർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയും വേണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): മഹാത്മാഗാന്ധിയെ പ്രതീകാത്മകമായി വീണ്ടും കൊല്ലുകയും ഗോഡ്സെയെ മഹാനായി വാഴ്ത്തുകയും ചെയ്ത ഹിന്ദു മഹാസഭ നേതാവിന്റെ നടപടിയെ ശക്തമായി അപലപിക്കുന്നു. ഈ സംഭവം രാജ്യദ്രോഹമാണ്. ഇതിൽ സഭയുടെ ശക്തമായ പ്രതിഷേധം രേഖപ്പെടുത്താവുന്നതാണ്.

മി. സ്പീക്കർ: രാഷ്ട്രപിതാവിന്റെ ചിത്രത്തിൽ വെടിയുതിർത്ത് രക്തപ്രവാഹം വരുത്തി ഗോഡ്സെയ്ക്ക് ജയ് വിളിച്ച പ്രവൃത്തി 'അധമം' എന്ന വാക്കിനെപ്പോലും ലജ്ജിപ്പിക്കുന്നതും മൃഗീയതയുടെ പാരമ്യവുമാണ്. ഏത് പ്രത്യയ ശാസ്ത്രത്തിന്റെ പേരിലായാലും ഈ നികൃഷ്ട പ്രവൃത്തി അംഗീകരിക്കാനാകില്ല. സഭ ശക്തമായി ഈ പ്രവൃത്തിക്കെതിരെയുള്ള വികാരം പ്രതിഫലിപ്പിക്കുന്നു. അത് രാജ്യത്തിന് മുമ്പാകെ സന്ദേശമായി അയയ്ക്കുന്നു.

## III അടിയന്തരപ്രമേയം

### എൻഡോസൾഫാൻ ദുരിതബാധിതർ

മി. സ്പീക്കർ: എൻഡോസൾഫാൻ ഇരകളും അമ്മമാരും സെക്രട്ടേറിയറ്റ്

നടയിൽ നടത്തിവരുന്ന പട്ടിണി സമരത്തോട് ഗവൺമെന്റ് കാണിക്കുന്ന അവഗണനമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എൻ. എ. നെല്ലിക്കുന്ന്, സണ്ണി ജോസഫ്, സി. എഫ്. തോമസ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഈ സർക്കാർ വന്നതിനുശേഷം എൻഡോസൾഫാൻ ദുരിതബാധിതർക്കു നൽകിവരുന്ന പരിരക്ഷയും ആശ്വാസവും ദുരിതത്തെ ഒരു പരിധിവരെ കുറയ്ക്കാൻ സഹായിച്ചിട്ടുണ്ട്. വിവിധ വകുപ്പുകൾ മുഖാന്തിരം നടത്തിവരുന്ന പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് റവന്യൂ വകുപ്പുമന്ത്രി അദ്ധ്യക്ഷനായും ജില്ലാ കളക്ടർ കൺവീനറായും ഒരു സെൽ പ്രവർത്തിച്ചുവരുന്നുണ്ട്. വിവിധ മെഡിക്കൽ കോളേജുകളിലെ പതിനൊന്ന് സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിലെ വിദഗ്ദ്ധ ഡോക്ടർമാരുടെ ഒരു പാനൽ രോഗാവസ്ഥയിലുള്ളവരെ പരിശോധിക്കുകയും എൻഡോസൾഫാനുമായി ബന്ധപ്പെട്ട രോഗാവസ്ഥയാണെന്ന് കണ്ടെത്തുന്നവരുടെ പട്ടിക തയ്യാറാക്കുകയും ചെയ്യുന്നു. പ്രസ്തുത ലിസ്റ്റിൽപ്പെടാത്ത കേസുകൾ വീണ്ടും പരിശോധനയ്ക്ക് വിധേയമാക്കുകയും ആവശ്യമെങ്കിൽ കൂട്ടിച്ചേർക്കൽ വരുത്തുകയുമാണ് ചെയ്യുന്നത്. 6,212 പേരാണ് ദുരിതബാധിതരായി അംഗീകരിക്കപ്പെട്ടവരുടെ പട്ടികയിലുള്ളത്.

കോടതി ഉത്തരവുപ്രകാരം ദുരിതത്തിൽപ്പെട്ട് പൂർണ്ണമായി കിടപ്പിലായവർക്ക് 5 ലക്ഷം രൂപയും ശാരീരികവൈകല്യമുള്ളവർക്ക് 3 ലക്ഷം രൂപയും മരിച്ചവരുടെ ബന്ധുക്കൾക്ക് 5 ലക്ഷം രൂപയും എൻഡോസൾഫാൻ തളിച്ചുതുടങ്ങിയതിനുശേഷം ജനിച്ച ബുദ്ധിമാന്ദ്യം സംഭവിച്ചവർക്ക് 5 ലക്ഷം രൂപയും നഷ്ടപരിഹാരമായി നൽകിവരുന്നു. എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകാനായി 161.65 കോടി രൂപയാണ് സംസ്ഥാന സർക്കാർ 2012-2017 കാലയളവിൽ അനുവദിച്ചുനൽകിയത്. ദീർഘകാല ചികിത്സ ആവശ്യമുള്ളവരും രോഗാവസ്ഥയിലുള്ളവരും തൊഴിലെടുക്കാൻ കഴിയാത്തവരുമായ ദുരിതബാധിതർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന പെൻഷനുപുറമേ 1,700 രൂപ വീതവും പെൻഷൻ ലഭിക്കാത്തവർക്ക് 2,200 രൂപ വരെയും പ്രതിമാസം നൽകിവരുന്നുണ്ട്. നിലവിൽ 4896 പേർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നുണ്ട്. കഴിഞ്ഞ അദ്ധ്യയന വർഷം ദുരിതബാധിതരായ 1213 കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകിയിട്ടുണ്ട്. ദുരിതബാധിതരിൽ പരസഹായം കൂടാതെ ജീവിക്കാൻ കഴിയാത്തവരെ പരിചരിക്കുന്നവർക്ക് പ്രതിമാസം 700 രൂപ വീതം നൽകിവരുന്നുണ്ട്. കാസർഗോഡ് ജില്ലയിലെ ദുരിതബാധിതർക്ക് സൗജന്യ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ലഭ്യമാക്കുന്നതിനായി കേരളത്തിലും കർണ്ണാടകത്തിലും 17 ആശുപത്രികൾ എംപാനൽ ചെയ്തിട്ടുണ്ട്. കിടപ്പിലായ

രോഗികൾക്ക് വീട്ടിലെത്തി ചികിത്സ നൽകുന്നതിനായി പ്രത്യേക മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഹീമോഡയാലിസിസ് ആവശ്യമായി വരുന്ന രോഗികൾക്കുവേണ്ടി കാസർഗോഡ് ജനറൽ ആശുപത്രിയിൽ എട്ട് ഡയാലിസിസ് മെഷീനുകൾ വാങ്ങി നൽകുകയും ഒമ്പത് ഗ്രാമപഞ്ചായത്തുകൾക്ക് ആംബുലൻസ് വാങ്ങുന്നതിനാവശ്യമായ തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലയിലെ 11 ഗ്രാമപഞ്ചായത്തുകളിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഫിസിയോതെറാപ്പിസ്റ്റുമാരെ നിയമിക്കുകയും ജനറൽ ആശുപത്രിയിലും ജില്ലാ ആശുപത്രിയിലും സുസജ്ജമായ ഫിസിയോതെറാപ്പി യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ നാല് പീഡിയാട്രിക് ഇന്റൻസീവ് കെയർ യൂണിറ്റുകൾ സജ്ജീകരിച്ചിട്ടുണ്ട്. ദുരിതബാധിതരുടെ 50,000 രൂപ വരെയുള്ള ലോണുകൾ എഴുതിത്തള്ളുന്നതിന് 2.17 കോടി രൂപയും 3 ലക്ഷം രൂപ വരെയുള്ള കടബാധ്യതകൾ എഴുതിത്തള്ളുന്നതിന് 4.63 കോടി രൂപയും അനുവദിക്കുകയും ജപ്തി നടപടികൾ നിർത്തിവയ്ക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര ധനസഹായം ലഭ്യമാക്കുന്നതിനായി 2012-ൽ സമർപ്പിച്ചിട്ടുള്ള 483 കോടി രൂപയുടെ പ്രൊപ്പോസൽ അംഗീകരിക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. സമരരംഗത്തുള്ളവരുമായി ഇക്കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് ആരോഗ്യ-റവന്യൂ വകുപ്പുമന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ഇന്ന് യോഗം വിളിച്ചിട്ടുണ്ട്. പ്രസ്തുത

ചർച്ചയിലൂടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സാമൂഹ്യപ്രവർത്തക ദയാബായിയുടെ നേതൃത്വത്തിൽ എൻഡോസൾഫാൻ ദുരിതബാധിതർ നടത്തുന്ന പട്ടിണി സമരത്തിന് പരിഹാരം കാണണം. പ്ലാന്റേഷൻ കോർപ്പറേഷന്റെ പിടിപ്പുകേടുകൊണ്ടാണ് കാസർഗോഡ് ജില്ല ഹിരോഷിമ പോലെ ഒരു ദുരന്തഭൂമിയാകാൻ കാരണം. എൻഡോസൾഫാൻ ഉപയോഗം നിർത്തി വർഷങ്ങളേറെയായിട്ടും രോഗികളുടെ എണ്ണം വർദ്ധിച്ചുവരികയാണ്. 1963-ൽ കാസർഗോഡ് ജില്ലയിലെ എൻമഗജെ പഞ്ചായത്തിൽ കശുമാവ് കൃഷി ആരംഭിക്കുകയും 1978-ൽ പ്ലാന്റേഷൻ കോർപ്പറേഷൻ തോട്ടം ഏറ്റെടുക്കുകയും 1979-ൽ ഹെലികോപ്റ്റർ ഉപയോഗിച്ച് എൻഡോസൾഫാൻ തളിക്കാൻ ആരംഭിച്ചതോടെയാണ് പ്രസ്തുത പ്രദേശം ദുരന്തഭൂമിയായത്. 2017-ൽ പ്രത്യേക മെഡിക്കൽ ക്യാമ്പ് വഴി കണ്ടെത്തിയ മുഴുവൻ രോഗികളെയും ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെടുത്തി സൗജന്യ ചികിത്സയും മറ്റ് സഹായങ്ങളും നൽകണം. എൻഡോസൾഫാൻ ദുരിതബാധിതർക്ക് 5 ലക്ഷം രൂപ ധനസഹായം അനുവദിക്കണമെന്ന 2017-ലെ സുപ്രീംകോടതി വിധി നടപ്പിലാക്കണം. ദുരിതബാധിതരുടെ പട്ടിണിസമരം അവസാനിപ്പിക്കുന്നതിന് മുഖ്യമന്ത്രി അടിയന്തര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സാമൂഹ്യപ്രവർത്തക ദയാബായിയുടെ നേതൃത്വത്തിൽ നടത്തുന്ന സമരം തുടങ്ങിയതിന്റെ പിറ്റേദിവസംതന്നെ സർക്കാർ അതിലിടപെടുകയും ഇന്ന് ചർച്ചയ്ക്ക് വിളിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാർ ചെയ്യേണ്ട കാര്യങ്ങളെല്ലാം കൃത്യമായിത്തന്നെ ചെയ്യുന്നുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതർക്ക് മനുഷ്യാവകാശ കമ്മീഷന്റെ വിധി പ്രകാരമുള്ള തുക വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്. ദുരിതബാധിതരുടെ പ്രശ്നങ്ങളിൽ ക്രിയാത്മകമായ സമീപനമാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ശക്തമായ സമ്മർദ്ദത്തെത്തുടർന്ന് കൊടുക്കാൻ കഴിയാതിരുന്ന പല ആനുകൂല്യങ്ങളും ശരിയായ രീതിയിൽ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ മൂളിയാർ വില്ലേജിൽ ഇവർക്ക് പുനരധിവാസ ഗ്രാമം നിർമ്മിക്കുന്നതിനായി 68 കോടി രൂപ ചെലവഴിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും അതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ഊരാളുങ്കൽ സൊസൈറ്റിയെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ രൂപരേഖ ജില്ലാതല സെൽ യോഗത്തിൽ അവതരിപ്പിക്കുകയും ഡി.പി.ആർ. തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. സാമൂഹ്യ സേവന മേഖലയിൽ അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനായി ഭരണാനുമതി നൽകിയ 233 പദ്ധതികളിൽ 197 എണ്ണം ഇതിനകം പൂർത്തിയായിട്ടുണ്ട്. ഈ വർഷത്തെ

ബഡ്ജറ്റിലും എൻഡോസൾഫാൻ ദുരിതബാധിതർക്കായി 20 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. സമരം നടത്തുന്ന ആളുകളുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, എം. ഉമ്മർ, സി. എഫ്. തോമസ് എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## IV **ശ്രദ്ധ ക്ഷണിക്കൽ**

(1) കരിമണൽ ഖനനം

ശ്രീ. ആർ. രാമചന്ദ്രൻ: ആലപ്പാട് ഗ്രാമപഞ്ചായത്തിലെ വെള്ളനാതുരുത്തിൽ കരിമണൽ ഖനനം ആരംഭിച്ചത് സീ വാഷിംഗിലൂടെ മണ്ണെടുത്ത് മാറ്റുക എന്ന ലക്ഷ്യത്തോടെയായിരുന്നെങ്കിലും ഇപ്പോൾ ഡീപ് മൈനിംഗ് സാധ്യത പരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. ഐ.ആർ.ഇ.,എൽ., കെ.എം.എം.എൽ. എന്നീ സ്ഥാപനങ്ങളാണ് അവിടെ ഇപ്പോൾ ഖനനം നടത്തിവരുന്നത്. നിരന്തരമായ കടലാക്രമണത്താലും സുനാമി ദുരന്തത്താലും പ്രദേശത്തിന്റെ വിസ്തൃതി

കുറഞ്ഞിരിക്കുന്നതിനാൽ അവശേഷിക്കുന്ന ഭൂമി സംരക്ഷിക്കാനും ഏറ്റെടുത്ത ഭൂമിക്ക് നഷ്ടപരിഹാരം നൽകാനും കടൽഭിത്തിയും പുലിമുട്ടും നിർമ്മിക്കാനും നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): തിരുവിതാംകൂർ രാജഭരണകാലഘട്ടം മുതൽ ആലപ്പാട് മൈനിംഗ് നടത്തിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ നിലനിൽക്കുന്ന പ്രശ്നം സംബന്ധിച്ച് വിശദമായി പരിശോധിക്കുകയുണ്ടായി. ആലപ്പാട് പ്രദേശത്ത് 16 ½ കിലോമീറ്ററിൽ കൽഭിത്തി നിർമ്മിച്ചിട്ടുണ്ട്. ഇതിൽ അര കിലോമീറ്റർ ഭാഗത്തുമാത്രമാണ് കരിമണൽ ശേഖരിക്കുന്നത്. സീ വാഷിംഗും ഇൻലാന്റിംഗും നിർത്തണമെന്നുപറയുന്നത് കേരളത്തിന്റെ താൽപര്യങ്ങൾക്ക് വിരുദ്ധമാണ്. സീ വാഷിംഗിലൂടെ 25% കരിമണൽ മാത്രമേ ലഭിക്കുകയുള്ളൂ. ബാക്കി വരുന്ന 75% മണ്ണ് വാഷിംഗ് നടത്തി കരിമണൽ സംഭരിക്കുന്ന സ്ഥലത്തുള്ള കുഴികൾ നികത്തുകയാണ് ചെയ്യുന്നത്. ഭൂമി ലീസിനെടുത്ത് കരിമണൽ ഖനനം നടത്തുകയും കരിമണൽ ശേഖരിച്ചുകഴിഞ്ഞാൽ പ്രസ്തുത ഭൂമി നികത്തി അവർക്കുതന്നെ തിരിച്ചുനൽകുകയുമാണ് ചെയ്യുന്നത്. ആലപ്പാട് വില്ലേജിലെ 9.95 ഹെക്ടർ സ്ഥലമാണ് സുനാമി ദുരന്തത്തെത്തുടർന്ന് നഷ്ടമായത്. കരിമണൽ സംഭരിക്കുമ്പോൾ പ്രദേശവാസികൾക്കുണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കാൻ

സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ആലപ്പാട് സമരവുമായി ബന്ധപ്പെട്ട് നടത്തിയ ചർച്ചയിൽ സമരം ചെയ്യുന്നവരിൽ പ്രദേശവാസികൾ കുറവും പ്രശ്നമുണ്ടാക്കുന്നത് പുറത്തുനിന്നുവന്നവരുമാണെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. സ്വകാര്യ കരിമണൽ കടത്ത് തടയുന്നതിന് സർക്കാർ കർശനനടപടി സ്വീകരിക്കുന്നതാണ്. സ്ഥലം എം.എൽ.എ.യും വകുപ്പുമന്ത്രിയും ആലപ്പാട് സന്ദർശിച്ച് പ്രദേശവാസികളുമായി ചർച്ച നടത്തുന്നതിനും ജനങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും കരിമണലെടുത്ത ഭൂമി നികത്തി പ്രദേശവാസികൾക്ക് തിരിച്ചുകൊടുക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

(2) മകരവിളക്ക് തെളിയിക്കുന്നതിനുള്ള അവകാശം

ശ്രീ. ഒ. രാജഗോപാൽ: ശബരിമലയിൽ മകരവിളക്ക് തെളിയിക്കുന്നതിന് മലയരയർക്ക് നഷ്ടപ്പെട്ട അവകാശം പുനഃസ്ഥാപിച്ച് നൽകുന്നതിന് സർക്കാർ തയ്യാറാകണം.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): ഹൈക്കോടതിയുടെ പരാമർശങ്ങളിൽ നിന്നും നൂറ്റാണ്ടുകൾക്കു മുമ്പ് പൊന്നമ്പലമേട്ടിൽ മകരസംക്രാന്തി നാളിലെ ദീപം തെളിയിക്കൽ ഉൾപ്പെടെയുള്ള പൂജാദി കർമ്മങ്ങളിൽ ആദിവാസികളായ മലയരയ വിഭാഗം മുഖ്യപങ്ക് വഹിച്ചിരുന്നുവെന്നത് വ്യക്തമാണ്. ഈ സാഹചര്യത്തിൽ

മകരവിളക്ക് തെളിയിക്കൽ കർമ്മമടക്കമുള്ള ചടങ്ങുകൾ നിർവ്വഹിക്കുന്നതിൽ മലയരയവിഭാഗത്തിന്റെ പ്രാതിനിധ്യം സംബന്ധിച്ച് എല്ലാ വശങ്ങളും പരിശോധിച്ച് ഉചിതമായി തീരുമാനം കൈക്കൊള്ളുന്നതാണ്.

## V സബ്മിഷൻ

### (1) കെട്ടിടങ്ങളുടെ പാട്ടവും അടിസ്ഥാന വാടകയും

ശ്രീ. വി. കെ. സി. മമ്മത് കോയ: വാടകക്കെട്ടിടത്തിൽ വ്യാപാരം നടത്തുന്നവരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും മേൽവാടകയ്ക്ക് മറിച്ച് നൽകുന്നതുമൂലം യഥാർത്ഥ ഉടമയ്ക്ക് അതിന്റെ ഗുണം ലഭിക്കാത്ത സ്ഥിതി ഒഴിവാക്കുന്നതിനും വാണിജ്യ ആവശ്യങ്ങൾക്ക് വാടകയ്ക്ക് നൽകുന്ന കെട്ടിടങ്ങൾക്ക് മാത്രമായി പ്രത്യേക നിയമനിർമ്മാണമുണ്ടാക്കുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലും വാടകക്കാരന്റെയും കെട്ടിട ഉടമയുടെയും അവകാശങ്ങൾ സംരക്ഷിക്കുന്നതിനും കെട്ടിടങ്ങൾ വാടകയ്ക്ക് കൊടുക്കുന്നത് സംബന്ധിച്ച നിലവിലെ നിയമം റദ്ദ് ചെയ്ത് 2014-ലെ കേരള കെട്ടിടങ്ങൾ പാട്ടവും അടിസ്ഥാന വാടകയും മറ്റ് സൗകര്യങ്ങളും ബില്ലിന്റെ കരട് തയ്യാറാക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നെങ്കിലും പതിമൂന്നാം കേരള നിയമസഭ പിരിച്ചുവിട്ടതിനാൽ പ്രസ്തുത ബിൽ ലാപ്സാകുകയുണ്ടായി. നിലവിൽ

വ്യാപാരി വ്യവസായി സംഘടനകളുടെയും കെട്ടിട ഉടമകളുടെയും ആവശ്യങ്ങൾ കൂടി ഉൾപ്പെടുത്തി നേരത്തെ പ്രസിദ്ധീകരിച്ചതും ലാപ്സായതുമായ ബിൽ ഭേദഗതി വരുത്തി കരട് ബിൽ തയ്യാറാക്കുകയും നിയമ വകുപ്പ് നിർദ്ദേശിച്ചത് പ്രകാരം ധനകാര്യ മെമ്മോറാണ്ടം തയ്യാറാക്കി ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചിരിക്കുകയുമാണ്. പ്രസ്തുത കരട് നിയമത്തിൽ വ്യാപാരക്കെട്ടിടത്തിൽ വ്യാപാരം നടത്തുന്നവരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് വാണിജ്യകെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് വ്യവസ്ഥകളും ഉൾപ്പെടുത്തിയിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിച്ചതിനുശേഷം തുടർനടപടി സ്വീകരിക്കുന്നതാണ്.

(2) താലൂക്ക് ആശുപത്രി വികസനം

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: കോട്ടയ്ക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം താലൂക്കാശുപത്രിയുടെ വികസനത്തിന് ആവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ.കെ. ശൈലജ ടീച്ചർ): കുറ്റിപ്പുറം താലൂക്കാശുപത്രിയിൽ എം.എൽ.എ., എം.പി. ഫണ്ടുപയോഗിച്ച് കെട്ടിട നിർമ്മാണം നടക്കുന്നുണ്ട്. കൂടാതെ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഗൈനക്കോളജിയിൽ ജൂനിയർ കൺസൾട്ടന്റ്, മെഡിസിൻ വിഭാഗത്തിൽ ജൂനിയർ കൺസൾട്ടന്റ് സ്റ്റാഫ് നഴ്സിന്റെ മൂന്നു തസ്തികകൾ, ലാബ് ടെക്നീഷ്യൻ, ഹോസ്പിറ്റൽ അറ്റന്റന്റ് എന്നീ തസ്തികകൾ

പുതിയതായി അനുവദിച്ചിട്ടുണ്ട്. ബാക്കി പ്രവർത്തനങ്ങൾ മാസ്റ്റർ പ്ലാൻ ലഭിക്കുന്നതനുസരിച്ച് ഘട്ടംഘട്ടമായി ചെയ്യുന്നതാണ്.

(3) ലൈഫ് പദ്ധതി

ശ്രീ. എം. സ്വരാജ്: നിലവിലുള്ള നടപടിക്രമത്തിലെ സാങ്കേതികത്വം ഒഴിവാക്കി അർഹരായവർക്ക് ലൈഫ് പദ്ധതിയുടെ ഗുണഫലം ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ എ. സി. മൊയ്തീൻ): ലൈഫ് പദ്ധതി പ്രകാരം ഗൃഹനാഥയുടെ പേരിലും ഭാര്യാഭർത്താക്കന്മാരുടെ പേരിൽ സംയുക്തമായും ഗുണഭോക്താവ് മരണപ്പെട്ടാൽ നിയമാനുസൃതമായ അവകാശികളുടെ പേരിലും വീട് അനുവദിക്കുന്നതാണ്. പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് ഈ സ്ഥാപനങ്ങളിൽ നിന്നുള്ള നിർമ്മാണാനുമതി ആവശ്യമില്ല. ഗുണഭോക്താവ് ഉടമസ്ഥാവകാശമോ കൈവശരേഖയോ കരമടച്ച രസീതോ ലഭ്യമാക്കാത്ത സാഹചര്യത്തിൽ അവർ താമസിക്കുന്ന സ്ഥലത്ത് സ്ഥിര താമസക്കാരാണെന്ന വില്ലേജ് ഓഫീസറുടെയോ തദ്ദേശസ്വയംഭരണ സെക്രട്ടറിയുടെയോ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കെട്ടിടനിർമ്മാണ അനുമതി നൽകാവുന്നതാണെന്ന് വ്യവസ്ഥയുണ്ട്. ഭൂമിയുടെ പേരിലുള്ള സ്വത്ത് തർക്കത്തിൽപ്പെട്ട കാര്യങ്ങൾക്കാണ് തീരുമാനമെടുക്കാൻ കഴിയാത്തത്. മുദ്രപത്രത്തിൽ കുടുംബാംഗങ്ങളുടെ സമ്മതപത്രമുണ്ടെങ്കിൽ അവരുടെ

പേരിലുള്ള വസ്തുവിൽ വീട് നിർമ്മിക്കുന്നതിന് സാധിക്കുന്നതാണ്.

## VI നിയമനിർമ്മാണകാര്യം

2019-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): 2019-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

## VII ക്രമപ്രശ്നം

കേരള ബാങ്ക് രൂപീകരണം

ശ്രീ. വി. ഡി. സതീശൻ: ഓർഡിനൻസ് റീപ്ലേസ് ചെയ്ത് കൊണ്ടുവരുന്ന 2019-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബില്ലിൽ സഹകരണ നിയമത്തിലെ 14(എ) എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർക്കുകയാണ്. സംസ്ഥാനത്തെ 14 ജില്ലാ സഹകരണ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. കേരള ബാങ്ക്

രൂപീകരിക്കാൻ റിസർവ് ബാങ്ക് മുന്നോട്ടുവച്ച 19 വ്യവസ്ഥകളിൽ പ്രധാനപ്പെട്ടത് സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകൾ ലയന പദ്ധതി തയ്യാറാക്കി അംഗങ്ങളുടെ മുന്നിൽ സമർപ്പിക്കണമെന്നും മൂന്നിൽരണ്ട് ഭൂരിപക്ഷത്തോടെ ലയനത്തിനായുള്ള പ്രമേയം മേൽപ്പറഞ്ഞ ബാങ്കുകളുടെ ജനറൽ ബോഡി മുമ്പാകെ പാസ്സാക്കണമെന്നുള്ളതുമാണ്. യഥാർത്ഥത്തിൽ സഹകരണ സംഘ നിയമത്തിൽ മൂന്നിൽരണ്ട് ഭൂരിപക്ഷം ആവശ്യമാണ്. പ്രസ്തുത ഭേദഗതി കൊണ്ട് റിസർവ് ബാങ്കിന്റെ വ്യവസ്ഥകളെ മറികടക്കാൻ സാധ്യമല്ല. സഭയിൽ സർക്കുലേറ്റ് ചെയ്ത ബില്ലിൽ തെറ്റുകൾ വന്നത് വളരെ പരിതാപകരമാണ്. ഓർഡിനൻസ് റീപ്ലേസ് ചെയ്തതുകൊണ്ട് യാതൊരു പ്രയോജനവും കേരള ബാങ്കുമായി ബന്ധപ്പെട്ട രൂപീകരണത്തിന് സഹായകമാകില്ല.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സഹകരണ നിയമം രൂപീകരിക്കുന്നതിനുള്ള സമ്പൂർണ്ണ അധികാരം സംസ്ഥാന നിയമസഭകൾക്കുണ്ട്. നിലവിലെ ത്രിതല ഹ്രസ്വകാല സഹകരണ വായ്പാ ഘടന, ദ്വിതലമായി ഘടനാമാറ്റം നടത്തുന്നതിനും ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കിൽ കൂട്ടിച്ചേർക്കുന്നതിനുമാണ് 19 വ്യവസ്ഥകളോടെ റിസർവ് ബാങ്ക് അനുമതി നൽകിയത്. ജില്ലാ ബാങ്കുകളുടെ ആസ്തിബാധ്യതകൾ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുന്നതിന്

സംസ്ഥാന സഹകരണ നിയമവും ചട്ടവും സമ്പൂർണ്ണമായി പാലിച്ചുകൊണ്ടാകണമെന്ന് മാത്രമേ നിഷ്കർഷിക്കുന്നുള്ളു. സംസ്ഥാന സർക്കാരിന്റെ സഹകരണ നിയമനിർമ്മാണത്തിന്റെ അധികാരമുപയോഗിച്ച് മൂന്നിൽരണ്ട് ഭൂരിപക്ഷം എന്നത് കേവല ഭൂരിപക്ഷം എന്നാക്കി ഭേദഗതി ചെയ്ത് 2018 ജനുവരി 8-ന് ഒരു ഓർഡിനൻസായി പുറത്തിറക്കിയിട്ടുണ്ട്. ഓർഡിനൻസിന്റെ വ്യവസ്ഥകൾ കൂടി ഉൾക്കൊള്ളുന്നതാണ് ഈ ബിൽ. നിയമനിർമ്മാണ സഭകളായ സംസ്ഥാന അസംബ്ലി, പാർലമെന്റ് എന്നിവയിലേയ്ക്ക് നടക്കുന്ന ജനാധിപത്യ തെരഞ്ഞെടുപ്പിൽ നിയമനിർമ്മാണ സഭകൾക്കകത്ത് നടക്കുന്ന വോട്ടിംഗിൽ കേവല ഭൂരിപക്ഷം വിജയത്തിന്റെ മാനദണ്ഡമാകുമ്പോൾ സഹകരണ നിയമത്തിൽ മൂന്നിൽ രണ്ട് ഭൂരിപക്ഷം എന്നതിനുപകരം കേവല ഭൂരിപക്ഷം എന്ന വ്യവസ്ഥ കൊണ്ടുവരുന്നതിൽ യാതൊരു സാങ്കേതിക തടസ്സവുമുള്ളതായി ഗവൺമെന്റ് കരുതുന്നില്ല. അതുകൊണ്ട് ഈ ബില്ലിലെ പഴയ നിബന്ധനയ്ക്ക് പ്രസക്തിയുമില്ല.

**റൂളിംഗ്**

<u>മി. സ്പീക്കർ</u>: സർക്കുലേറ്റ് ചെയ്യപ്പെട്ട ബില്ലുകളിൽ തെറ്റുകൾ കണ്ടെത്തിയാൽ ഇറാറ്റം പ്രസിദ്ധീകരിക്കാറുണ്ട്. ഏതെങ്കിലും സാഹചര്യത്തിൽ തെറ്റുകൾ ശ്രദ്ധയിൽപ്പെട്ടാൽ ശുദ്ധിപത്രത്തിലൂടെ തിരുത്തുക മാത്രമേ നിർവ്വാഹമുള്ളൂ. ഏതായാലും സർക്കുലേറ്റ് ചെയ്യുന്ന ബില്ലുകളിൽ

തെറ്റുകളില്ലാതിരിക്കാൻ പരമാവധി ശ്രദ്ധിക്കേണ്ടതാണ്. കേരള ബാങ്കിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട് റിസർവ് ബാങ്ക് മുന്നോട്ടുവച്ചിട്ടുള്ള മാനദണ്ഡങ്ങളിലൊന്ന് സഹകരണ സംഘം നിയമത്തിലെ സെക്ഷൻ 14- ലെ വ്യവസ്ഥ പാലിക്കണമെന്നുള്ളതാണ്. എന്നാൽ സർക്കാർ പുറപ്പെടുവിച്ച ഓർഡിനൻസിലൂടെ പ്രസ്തുത വ്യവസ്ഥ ഇതിനകം ഭേദഗതി ചെയ്യപ്പെട്ടിട്ടുണ്ട്. നിയമത്തിലെ വ്യവസ്ഥ ഭേദഗതി ചെയ്യപ്പെട്ട് കഴിഞ്ഞതോടെ ആർ.ബി.ഐ.-യുടെ മാനദണ്ഡവും അതിനനുസൃതമായി മാറ്റപ്പെടുമെന്നുള്ളതാണ് മന്ത്രിയുടെ വിശദീകരണം. ബിൽ നിയമമായാൽ അതിനനുസരിച്ച് രൂപീകൃതമാകുന്ന ബാങ്കിന് അംഗീകാരം ലഭിക്കാൻ സാധ്യതയില്ലെന്ന ആശങ്ക ബിൽ നിയമമാക്കുന്നതിനുള്ള സഭയുടെ അധികാരാവകാശങ്ങളെ ഒരുതരത്തിലും തടസ്സപ്പെടുത്തുന്നതല്ല. ബിൽ നിയമമാക്കാനുള്ള അധികാരം റിസർവ് ബാങ്കിന്റെ നിബന്ധനയുമായി ബന്ധപ്പെട്ട കാര്യമല്ലാത്തതുകൊണ്ടും മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിലും ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): 2019-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച XI-ാം

നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. കടന്നപ്പള്ളി രാമചന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളെ കൂട്ടിയോജിപ്പിക്കുന്നതിന് അനുയോജ്യമായ നിയമനിർമ്മാണം അനിവാര്യമായതിനാലാണ് ഇത്തരമൊരു ബിൽ കൊണ്ടുവരുന്നത്. സഹകരണ പ്രസ്ഥാനത്തെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വർത്തമാന കാലത്തിനനുസൃതമായി വികസനോന്മുഖമാക്കുന്നതിനും വേണ്ടിയാണ് കേരള ബാങ്ക് രൂപീകരിക്കുന്നത്. സഹകരണ ബാങ്കുകളുടെ ഘടനാപരമായ മാറ്റത്തെക്കുറിച്ച് പഠിക്കുന്നതിന് നിയോഗിച്ച വിദഗ്ദ്ധ സമിതി സമർപ്പിച്ച റിപ്പോർട്ടിൽ ഗവൺമെന്റിന് അംഗീകരിക്കാൻ കഴിയാത്ത നിർദ്ദേശങ്ങൾ ഒഴിവാക്കിക്കൊണ്ടുള്ള ശിപാർശകൾ അംഗീകരിക്കുകയും തുടർനടപടികൾ സ്വീകരിക്കുന്നതിന് ടാസ്ക് ഫോഴ്സിനെ നിയോഗിക്കുകയും ചെയ്തു. സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളുടെ പ്രായോഗികതലത്തിലുള്ള സംയോജനത്തിനും

ത്രിതല വായ്പാ സംവിധാനം ദ്വിതലമാക്കുന്നതിനുംവേണ്ടി നബാർഡിനും റിസർവ് ബാങ്കിനും സമർപ്പിച്ച പദ്ധതിക്ക് 19 വ്യവസ്ഥകളോടെ തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. കേരളം, ഹരിയാന, ആസ്സാം തുടങ്ങിയ ചെറിയ സംസ്ഥാനങ്ങളിൽ ദ്വിതല കാർഷിക വായ്പാ സംവിധാനം നടപ്പിലാക്കണമെന്ന് അഞ്ചാം പഞ്ചവത്സര പദ്ധതിക്കാലത്ത് വർക്കിംഗ് ഗ്രൂപ്പ് ശിപാർശ ചെയ്തിട്ടുണ്ടായിരുന്നു. പ്രാഥമിക വായ്പാ സംഘങ്ങളുടെ സംരക്ഷണവും സുരക്ഷിതത്വവും ഉറപ്പാക്കുകയെന്നതാണ് ഈ ഗവൺമെന്റിന്റെ നയം. എൻ.ആർ.ഐ. നിക്ഷേപം സ്വീകരിക്കുന്നതുൾപ്പെടെയുള്ള ആധുനിക സേവനങ്ങൾ നൽകാൻ സാധിക്കുന്ന തരത്തിൽ സഹകരണ ബാങ്കുകളെ ശക്തിപ്പെടുത്തുകയാണ് ഗവൺമെന്റിന്റെ ലക്ഷ്യം. സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിനും പുരോഗതിക്കും കാർഷിക വായ്പ സംഘങ്ങളുടെ ശാക്തീകരണത്തിനും ആധുനികവൽക്കരണത്തിനും ന്യൂജനറേഷൻ ബാങ്കുകളുമായും ദേശസാൽകൃത ബാങ്കുകളുമായും മത്സരിക്കുന്നതിന് പര്യാപ്തമാകുന്ന തരത്തിലാണ് കേരള ബാങ്ക് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത്. സംസ്ഥാന സഹകരണ ബാങ്കുമായി ജില്ലാ സഹകരണ ബാങ്കുകളെ ലയിപ്പിക്കുന്നതോടെ ലാഭകരമായി പ്രവർത്തിക്കാനും ജനങ്ങൾക്ക് കൂടുതൽ

സേവനങ്ങൾ നൽകാനും സാധിക്കുന്നതാണ്. ജില്ലാ സഹകരണ ബാങ്കിൽ നിലവിലുള്ള എല്ലാ ഒഴിവുകളിലേയ്ക്കും പി.എസ്.സി. മുഖേന നിയമനം നടത്തിയിട്ടുണ്ട്. സംസ്ഥാന സഹകരണ ബാങ്കിന്റെ നിക്ഷേപം 8005 കോടി രൂപയായി വർദ്ധിപ്പിക്കാനും എൻ.പി.എ കുറയ്ക്കാനും സാധിച്ചിട്ടുണ്ട്. കേരളത്തിന്റെ പുനർനിർമ്മിതിക്കാവശ്യമായ വിഭവങ്ങൾ സഹകരണ മേഖലയിലൂടെ ഏകോപിപ്പിക്കാൻ സാധിക്കുന്നതാണ്. ജില്ലാ ബാങ്കുകളുടെ വിഭവങ്ങളെ ഏകോപിപ്പിച്ച് വിനിയോഗിച്ചാൽ അധികമായി വായ്പ നൽകാനും ബി.ഒ.ടി. അടിസ്ഥാനത്തിൽ കോടികൾ പിരിച്ചെടുക്കുന്ന സ്വകാര്യ കുത്തകകളെ ചെറുക്കാനും സാധിക്കും. കേരള ബാങ്ക് രൂപീകൃതമാകുമ്പോൾ കൂടുതൽ കാർഷിക വായ്പ അനുവദിക്കുന്നതിനും നബാർഡിൽനിന്നും കൂടുതൽ പുനർവായ്പ നേടിയെടുക്കുന്നതിനും സാധിക്കും. കൂടാതെ 4.5% പലിശയ്ക്ക് നബാർഡിൽനിന്ന് ലഭിക്കുന്ന പുനർവായ്പ കർഷകർക്ക് കുറഞ്ഞ പലിശനിരക്കിൽ നൽകാനും പൊതുമേഖലാ ബാങ്കുകൾ ഈടാക്കുന്ന സേവന ചാർജ്ജുകളും പിഴയും ഒരു പരിധിവരെ നിയന്ത്രിക്കാനും കഴിയും. അടുത്ത വിളമുതൽ നെല്ലിന്റെ സംഭരണവില പൂർണ്ണമായും നൽകുന്നതിനുള്ള ഉത്തരവാദിത്വം സഹകരണ മേഖല ഏറ്റെടുത്തിട്ടുണ്ട്. യുവതലമുറയെ

സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കാനാവശ്യമായ സാങ്കേതിക സൗകര്യങ്ങളൊരുക്കാനും ജീവനക്കാരുടെ പ്രൊഫഷണലിസം, ആധുനിക ബാങ്കിംഗ് ഉല്പന്നങ്ങളും സേവനങ്ങളും വിദേശത്തുനിന്നുള്ള ധനവിനിമയം തുടങ്ങിയ മേഖലകളിൽ മത്സരക്ഷമമായ ചുറ്റുപാട് സൃഷ്ടിച്ചെടുക്കാനും സാധിക്കുന്നതാണ്. കേരള ബാങ്ക് രൂപീകരിക്കുമ്പോൾ ഉടമസ്ഥതയും വോട്ടവകാശവും പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കും അർബൻ സഹകരണ ബാങ്കുകൾക്കുമായി നിജപ്പെടുത്തുകയും വായ്പേതര സംഘങ്ങൾക്ക് നിലവിലെ രീതിയിൽ എല്ലാവിധ വായ്പാ സേവനങ്ങളും നൽകുന്നതുമാണ്. കേരള ബാങ്ക് നൽകുന്ന സാങ്കേതിക മികവുള്ള സേവനങ്ങൾ പ്രാഥമിക കാർഷിക വായ്പ സംഘങ്ങളിലൂടെയും അവരുടെ അംഗങ്ങളിലൂടെയും സാധാരണക്കാർക്ക് എത്തിക്കാൻ സാധിക്കുന്നതാണ്. കേരളത്തിന്റെ വികസനത്തിനും സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുന്നതിനുമായി കേരള ബാങ്ക് രൂപീകരിക്കുന്നതിന് എല്ലാവരും സഹകരിക്കണം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: I move that " This House resolves to disapprove The Kerala Co-operative Societies (Amendment) Ordinance, 2019 (Ordinance No.7 of 2019)." സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തെ

ഈ ബിൽ ദോഷകരമായി ബാധിക്കുമെന്നതിൽ സംശയമില്ല. നിലവിലുള്ള ത്രിതല സംവിധാനത്തിൽനിന്നും ദ്വിതല സംവിധാനത്തിലേയ്ക്ക് മാറുകവഴി പ്രാഥമിക കാർഷിക വായ്പാസംഘങ്ങൾ വിതരണം ചെയ്തുവരുന്ന ഹ്രസ്വകാല വായ്പയുടെ പലിശയ്ക്ക് കേന്ദ്ര/സംസ്ഥാന ഗവൺമെന്റുകൾ നൽകിവരുന്ന റിബേറ്റിലും നബാർഡ് സഹകരണ മേഖലയ്ക്ക് നൽകിവരുന്ന പുനർവായ്പയിലും കുറവുണ്ടാകാൻ സാദ്ധ്യതയുണ്ട്. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളോട് ജില്ലാ സഹകരണ ബാങ്കുകൾ സ്വീകരിക്കുന്ന സഹാനുഭൂതിയോടുള്ള നിലപാട് കേരള സഹകരണ ബാങ്ക് സ്വീകരിക്കുമോയെന്നത് സംശയമാണ്. കേരള ബാങ്കിൽ പി.എ.സി.എസ്. എടുക്കുന്ന ഓഹരി മൂലധനം മടക്കിക്കൊടുക്കുന്നതിന് വ്യവസ്ഥയില്ലാത്തത് ആസ്തി-ബാധ്യത അസന്തുലിതമാകുന്നതിന് കാരണമാകും. ശാഖാ ലൈസൻസിംഗ് മാനദണ്ഡമനുസരിച്ച് കേരള ബാങ്കിന്റെ എത്ര ശാഖകൾക്ക് ലൈസൻസ് ലഭിക്കുമെന്നും പി.എ.സി.എസ്.-ന്റെ നിക്ഷേപങ്ങൾക്ക് കേരള ബാങ്ക് നൽകുന്ന പലിശയിലെ നഷ്ടം എങ്ങനെ പരിഹരിക്കാനാകുമെന്നും വ്യക്തമാക്കണം. കേരള ബാങ്കിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ കോമൺ സോഫ്റ്റ്‌വെയർ, അക്കൗണ്ടിംഗ് സിസ്റ്റം എന്നിവയുടെ രൂപീകരണം, എ.ടി.എം. ഉപയോഗം, ജില്ലാ ബാങ്കുകളിലെ മിറർ അക്കൗണ്ടുകളുടെ തുടർച്ച എന്നിവ സംബന്ധിച്ച് ഉണ്ടാകുന്ന സംശയങ്ങൾ ദൂരീകരിക്കണം. സഹകരണ സ്ഥാപനങ്ങളുടെ കൂട്ടിയോജിപ്പിക്കൽ, വിഘടിപ്പിക്കൽ,

ആസ്തി ബാദ്ധ്യത കൈമാറൽ എന്നിവ സംബന്ധിച്ച നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നതുൾപ്പെടെ കേരള ബാങ്ക് രൂപീകരണത്തിലൂടെ സഹകരണ മേഖലയ്ക്ക് ഉണ്ടാകാവുന്ന നേട്ടം സംബന്ധിച്ച് വ്യക്തമാക്കണം.

ശ്രീ. വി. പി. സജീന്ദ്രൻ: നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. സംസ്ഥാനതാല്പര്യം സംരക്ഷിക്കുന്ന വ്യവസ്ഥകൾ ബില്ലിന്റെ ഉദ്ദേശകാരണങ്ങളിൽ ഉൾപ്പെടാത്തതുകൊണ്ട് ഇപ്പോഴിത് അവതരിപ്പിക്കേണ്ടതില്ല. നിലവിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന ജില്ലാ സഹകരണ ബാങ്കുകളെ നഷ്ടത്തിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുന്നതിലൂടെ ഈ മേഖലയിൽ ഭാവിയിൽ നിരവധി തൊഴിലവസരങ്ങൾ നഷ്ടപ്പെടാനിടയാകും. ബാങ്കുകളുടെ ലയനഫലമായി അയ്യായിരത്തിലധികം ജീവനക്കാരുടെ ഭാവി ആശങ്കയിലാകും. വായ്പേതര സഹകരണ സംഘങ്ങളെക്കൂടി കേരളബാങ്കിന്റെ പരിധിയിൽ കൊണ്ടുവരണമെന്നതുൾപ്പെടെയുള്ള നബാർഡിന്റെ പല നിർദ്ദേശങ്ങളും പാലിക്കാൻ സർക്കാർ തയ്യാറായിട്ടില്ല. സഹകരണ ബാങ്കുകളുടെ ഭരണസമിതി രാഷ്ട്രീയപ്രേരിതമായി പിരിച്ചുവിടുന്നത് ന്യായീകരിക്കാവുന്നതല്ല. ഈ ബിൽ പഠിച്ച് അവധാനതയോടെ അവതരിപ്പിക്കേണ്ട ഒന്നാണ്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: 2019-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31.03.2019

വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരള ബാങ്ക് രൂപീകരണം അക്ഷരാർത്ഥത്തിൽ സഹകരണ മേഖലയെ തകർക്കുമെന്നതിൽ സംശയമില്ല. ഇത് നിലവിലെ ത്രിതല ബാങ്കിംഗ് സംവിധാനവും സഹകരണമേഖലയിലെ ജനാധിപത്യ വ്യവസ്ഥയും ഇല്ലാതാക്കുകയും സഹകരണ ബാങ്ക്, പ്രാഥമിക സഹകരണ ബാങ്ക് എന്ന ദ്വിതല സംവിധാനത്തിലേയ്ക്ക് പരിമിതപ്പെടുത്തുകയും ചെയ്യും. ബാങ്ക് ഇടപാടുകാർ, നിക്ഷേപകർ, ജീവനക്കാർ, കർഷകർ, ചെറുകിട വ്യാപാരികൾ, ഉദ്യോഗാർത്ഥികൾ തുടങ്ങി ഈ മേഖലയുമായി ബന്ധപ്പെട്ട എല്ലാവരെയും ഇത് പ്രതികൂലമായി ബാധിക്കും. റിസർവ് ബാങ്ക് നിർദ്ദേശപ്രകാരം സംസ്ഥാന ജില്ലാ ബാങ്കുകളുടെ കിട്ടാക്കടം 5 ശതമാനത്തിൽ താഴെയാക്കണമെന്നിരിക്കെ നഷ്ടത്തിലായ സംസ്ഥാന സഹകരണ ബാങ്കിലേയ്ക്ക് ലാഭത്തിൽ പ്രവർത്തിക്കുന്ന ബാങ്കുകളെ ലയിപ്പിക്കുന്നത് ശരിയായ നടപടിയല്ല. കിട്ടാക്കടങ്ങൾ സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി രൂക്ഷമാക്കും. കേരള ബാങ്ക് രൂപീകരണത്തോടുകൂടി തൊഴിലവസരങ്ങൾ നഷ്ടമാകും. നിലവിൽ 984 ശാഖകളുള്ള ജില്ലാ സഹകരണ ബാങ്കുകൾ 140 ശാഖകളായി പരിമിതപ്പെടുന്നതോടെ ജീവനക്കാരുടെ പുനർവിന്യാസം ബാധ്യതയായി മാറും.

ശ്രീമതി യു. പ്രതിഭ ചുമതലപ്പെടുത്തിയ പ്രകാരം <u>ശ്രീ. എ. പ്രദീപ്കുമാർ:</u> 2019-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരള ബാങ്ക് രൂപീകരണം അനായാസമാക്കുന്നതിനുവേണ്ടിയാണ് 1969-ലെ കേരള സഹകരണ സംഘം ആക്ടിൽ ഭേദഗതി കൊണ്ടുവന്നത്. രണ്ടോ അതിലധികമോ സഹകരണ സംഘങ്ങൾ കൂട്ടിച്ചേർക്കുന്നതിനുവേണ്ടി ആസ്തിയും ബാദ്ധ്യതകളും കൈമാറ്റം ചെയ്യപ്പെടുന്നതിന് നിലവിലെ വ്യവസ്ഥ പ്രകാരം അംഗങ്ങളുടെ മൂന്നിൽരണ്ട് ഭൂരിപക്ഷം ആവശ്യമുണ്ട്. ജില്ലാ സഹകരണ ബാങ്കുകളെ സംബന്ധിച്ച് ആസ്തികളും ബാധ്യതകളും കൈമാറ്റം ചെയ്യുന്നത് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട്. ആയതിനാൽ ജില്ലാ സഹകരണ ബാങ്കുകളിലെ മൂന്നിൽ രണ്ട് ഭൂരിപക്ഷം എന്ന വ്യവസ്ഥ ലഘൂകരിച്ച് കേവല ഭൂരിപക്ഷമാക്കാനും അതോടൊപ്പം നിക്ഷേപകരുടെയും അംഗങ്ങളുടെയും താൽപര്യങ്ങൾ സംരക്ഷിക്കാനുള്ള വ്യവസ്ഥയുണ്ടാക്കാനും സർക്കാർ തീരുമാനിച്ചു. അതുകൊണ്ട് 14 എ എന്ന പുതിയ വകുപ്പും 10 ബി-ക്കുശേഷം 10 സി എന്ന പുതിയ അദ്ധ്യായവും കൂടിച്ചേർന്ന് പ്രധാന ആക്ടിൽ ഉൾപ്പെടുത്തി ജില്ലാ സഹകരണ ബാങ്കുകളുടെ പൊതുയോഗം പാസ്സാക്കിയ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ

പതിനാല് ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കുമായി കൂട്ടിച്ചേർക്കുന്ന ഉത്തരവ് പുറപ്പെടുവിക്കുവാൻ രജിസ്ട്രാർക്ക് അധികാരം നൽകാൻ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. കേരളത്തിന്റെ പുരോഗതിയിൽ സുപ്രധാന ചുവടുവയ്പ്പായ കേരള ബാങ്ക് രൂപീകരണം ആർ.ബി.ഐ. നിബന്ധനകൾക്ക് വിധേയമായി നടപ്പിലാക്കാനുള്ള സർക്കാർ തീരുമാനത്തെ രാഷ്ട്രീയ അഭിപ്രായ വ്യത്യാസത്തിന്റെ പേരിൽ എതിർക്കുന്ന പ്രതിപക്ഷ നിലപാട് പ്രതിഷേധാർഹമാണ്. ആർ.ബി.ഐ.നിബന്ധനകൾക്കു വിധേയമായി പ്രവർത്തിക്കുന്ന ഷെഡ്യൂൾഡ്/ദേശസാത്കൃത ബാങ്കുകളുടെ പ്രവർത്തന രീതിയിൽ നയപരമായ മാറ്റങ്ങൾ വരുത്തിയാണ് കേരള ബാങ്കിന്റെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. കോർപ്പറേറ്റ് മുതലാളിമാരെ പൂർണ്ണമായും ഒഴിവാക്കി കേരളത്തിലെ കർഷകർക്കും ചെറുകിട വ്യാപാരികൾക്കും സാമ്പത്തിക സഹായം നൽകി നാടിന്റെ വികസന പദ്ധതികൾക്ക് ഊന്നൽ നൽകുന്നതിനുപുറമെ ആഗോളവത്കരണ നയങ്ങൾ ബാങ്കിംഗ് മേഖലയിൽ സൃഷ്ടിച്ച ആഘാതങ്ങൾക്കും പ്രതിസന്ധികൾക്കുമെതിരെ ഫലപ്രദമായ ഇടപെടൽ നടത്തി സാമ്പത്തിക നില മെച്ചപ്പെടുത്തുകയെന്നതാണ് കേരള ബാങ്ക് രൂപീകരണത്തിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. ബാങ്കുകളുടെ സംയോജനത്തിലൂടെ മാത്രമേ കേരള ബാങ്കിന്റെ വികസനത്തിനാവശ്യമായ മികച്ച സാങ്കേതികവിദ്യ നേടിയെടുക്കാനും

സാമ്പത്തികവും ഭരണപരവുമായ ശേഷി വർദ്ധിപ്പിക്കാനും സാധിക്കുകയുള്ളൂ. പ്രൈമറി അഗ്രികൾച്ചർ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് പലിശയിനത്തിൽ ആശ്വാസം നൽകാനും മികച്ച സാങ്കേതിക ജ്ഞാനം, സാങ്കേതിക വിദ്യ എന്നിവ സ്വായത്തമാക്കാനും ഈ ബാങ്കിലൂടെ സാധിക്കും. കേരളത്തിന്റെ സമ്പദ്ഘടനയിൽ സുപ്രധാനമായ മാറ്റമുണ്ടാക്കാൻ കഴിയുന്ന കേരള ബാങ്ക് രൂപീകരണത്തെ പ്രതിപക്ഷം പിന്തുണയ്ക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): കേരള ബാങ്ക് രൂപീകരണത്തിലൂടെ സഹകരണ മേഖലയുടെ ചരിത്രത്തിൽ അവിസ്മരണീയമായ മാറ്റത്തിനാണ് സംസ്ഥാനം തുടക്കം കുറിക്കുന്നത്. ആർ.ബി.ഐ.-യുടെ വ്യവസ്ഥകൾക്കും സഹകരണ നിയമത്തിന്റെ സത്തയ്ക്കും നിബന്ധനകൾക്കും വിധേയമായി പ്രവർത്തിക്കുന്നതിനാൽ പ്രസ്തുത ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ടുള്ള ആശങ്കയ്ക്ക് അടിസ്ഥാനമില്ല. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കും അർബൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്കും നേരിട്ട് പ്രയോജനവും അധികാര അവകാശങ്ങളുമുള്ള ഒരു സഹകരണ

ബാങ്കായിരിക്കും രൂപീകരിക്കുന്നത്. ലാഭകരമായി പ്രവർത്തിക്കുന്ന സംസ്ഥാന സഹകരണ ബാങ്ക് നഷ്ടത്തിലാണെന്നുള്ള പ്രതിപക്ഷ ആരോപണം വസ്തുതാവിരുദ്ധമാണ്. കോമൺ സോഫ്റ്റ്‌വെയറിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ജില്ലാ ബാങ്കുകളുടെ ശാഖകൾക്ക് ലൈസൻസ് നൽകാനുള്ള നടപടി സ്വീകരിക്കുന്നതാണ്. സഹകരണ ബോർഡിൽ നിലവിൽ സംവരണതത്വം പാലിക്കപ്പെടുന്നുണ്ട്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണ പ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2019-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച XI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.